THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"

AIM HIGH, TOGETHER WE FLY

ആർഭാടത്തിൽ നിന്ന് ലാളിത്യത്തിലേക്ക്

**ANSWER KEY**

**1.**പകിട്ട്
**2.**ധാരാളിത്തം
**3.**മേഖല
**4.**തന്റേതെന്ന ഭാവം
**5.**ഉൽകൃഷ്ട ചിന്ത
**6.** ആശ, ആഗ്രഹം
**7.**ഭീതി, പേടി
**8.**ഗജം, കരി
**9.** ഭവനം, ഗൃഹം
**10.**തമസ്സ്, അന്ധകാരം
**11.**ആർഭാട ജീവിതത്തിനു പ്രാധാന്യം നൽകുന്ന ഒരു തലമുറയാണ് ഇന്നുള്ളത്. അതിനു വേണ്ടി എന്തും ചെയ്യാൻ തയ്യാറാവുന്നു. തങ്ങൾക്ക് എത്രമാത്രം സ്വത്തുണ്ട് എന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്തുന്നതിനും മറ്റുള്ളവരുടെ മുന്നിൽ മേനി പറയുന്നതിനും ജനങ്ങൾ പലതും കാണിച്ചുകൂട്ടുന്നു. ആഡംബര ജീവിതം അന്തസ്സാണെന്നു കരുതുന്നതുകൊണ്ടുതന്നെ ലളിത ജീവിതത്തിലേക്ക് പോകാൻ എല്ലാവർക്കും മടിയാണ്. കൂടുതൽ പണം ചെലവഴിച്ച് ആർഭാടം കാണിക്കുന്നത് വലിയ കാര്യമായി കരുതുന്നു. ഈ വിധം വർത്തമാന സമൂഹം മുന്നോട്ട് പോകുമ്പോൾ സാധാരണക്കാർ ഇത്തരം ജീവിതം നയിക്കാൻ നിർബന്ധിതരാകുന്നു. ഇത് ഇവരെ കടക്കെണിയിൽ അകപ്പെടുത്തുന്നു. സമ്പത്തില്ലാത്തവർ സമ്പത്തുള്ളവർക്കൊപ്പമെത്താൻ ശ്രമിക്കുമ്പോൾ കളവും കൊലപാതകവും വർദ്ധിക്കുന്നു. അങ്ങനെ സംഭവിക്കാതിരിക്കാൻ നാം ഓരോരുത്തരും ലളിത ജീവിതത്തിന് പ്രാധാന്യം നൽകണം.
**12.**ഉന്മാദം ഒരു രോഗാവസ്ഥയാണ്. ഉന്മാദത്തിൽ അകപ്പെട്ടവർ തങ്ങൾ ചെയ്യുന്നതെല്ലാം ശെരിയാണെന്ന് ധരിക്കുന്നു. ആർഭാടം ഉന്മാദം തന്നെയാണ്. ആർഭാടത്തിന് പിന്നാലെ പോകുന്ന മനുഷ്യർ എല്ലാ ധാർമികതയും മറക്കുന്നു. കടം വാങ്ങുന്നതും മോഷ്ടിക്കുന്നതും യാചിക്കുന്നതുമെല്ലാം അവന് ശെരിയാണ്. ആർഭാടം മനുഷ്യനെ തെറ്റിലേക്ക് നയിക്കുന്നു. മത്സരമേറിയ സമൂഹത്തിൽ ആർഭാടത്തിന്റെ ഉന്മാദം വർദ്ധിച്ചു വരുന്നു
**13.**ഗുരു അനാചാരങ്ങളെ ഇല്ലായ്മ ചെയ്യുകയും അനുഷ്ടാനങ്ങളേ ലളിതമാക്കുകയും ചെയ്തു. അരുവിപ്പുറത്ത് സ്വർണ വിഗ്രഹത്തിന് പകരം ഒരു കല്ലിനെ പ്രതിഷ്ഠിച്ചുകൊണ്ട് ആരാധന നിരാഡംബരമാക്കി. പിൽക്കാലത്തും സ്വർണവിഗ്രഹങ്ങളെയല്ല തന്നെത്തന്നെ

കാണാവുന്ന കണ്ണാടികളെ ആണ് അദ്ദേഹം പ്രതിഷ്ഠിച്ചത്.സമ്പത്ത് ആരാധനാലയങ്ങളിലേക്ക് എത്തിക്കുകയല്ല വിദ്യാലയങ്ങളും വ്യവസായങ്ങളും തുടങ്ങുകയാണ് അദ്ദേഹം ചെയ്തത്.

**14.**ആഘോഷങ്ങളെയും ആചാരങ്ങളെയും ആർഭാടമാക്കാനുള്ള കടം വാങ്ങലുകൾ മനുഷ്യരെ ആത്മഹത്യയിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. സമ്പത്തില്ലാത്തതിന്റെ പേരിൽ മാറ്റിനിർത്തപ്പെടുന്ന അനേകം പേർ നമ്മുടെ സമൂഹത്തിലുണ്ട്. സമ്പന്നരുടെ ഈ ലോകം തങ്ങൾക്കുള്ളതല്ല എന്ന നിരാശ അവരിൽ ഉണ്ടാക്കിയേക്കാം. പ്രണയനഷ്ടം കൊണ്ട് ആത്മഹത്യയിലേക്ക് നീങ്ങുന്ന ദുർബലരെ പോലെ ആഗ്രഹങ്ങൾ സാധിക്കാതെ വരുമ്പോൾ അവർ ആത്മഹത്യയിലേക്ക് നയിക്കപ്പെട്ടേക്കാം.

**15.**ധനികന്റെ ജീവിതമാണ് ഉയർന്നത് എന്ന് സാധാരണക്കാർ ചിന്തിക്കുന്നു.അവരോടൊപ്പം എത്താൻ അവർ ശ്രമിക്കുന്നു. അതിനായി കടം വാങ്ങിയും ആഡംബരം കാട്ടുന്നു. ഇത് കടക്കെണിയിലേക്കും കൂട്ട ആത്മഹത്യയിലേക്കും നയിക്കുന്നു. ലാളിത്യത്തിന്റെ ഊന്നുവടി എന്ന പ്രയോഗം ഗാന്ധിജിയുടെ മഹത്വപൂർണ്ണമായ ജീവിതത്തെ സൂചിപ്പിക്കുന്നു. ഗാന്ധിജിയുടെ ആദർശപൂർണവും ലളിതവുമായ ജീവിതമാണ് നമ്മൾ മാതൃക ആക്കേണ്ടത്. ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നുവടി സാധാരണക്കാരന് താങ്ങായി മാറും.ആദർശവും ലളിതമായ ജീവിത രീതിയും ജീവിതത്തെ മഹത്വമുള്ളതാക്കി മാറ്റും.